"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള മത്സ്യബന്ധന സമുദ്ര പഠന സർവകലാശാല(കുഫോസ്) - നബാർഡ് RIDF XXI പ്രോജക്ട് സോഷ്യൽ സെക്ടർ - അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം - ഗ്രാമീണ വിദ്യാഭ്യാസത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ- 09/2021 മുതൽ 11/2021 വരെയുള്ള കാലയളവിലെ തിരിച്ചടവ് ക്ലെയിം - തുക റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.110/2022/F&P                    തീയതി,തിരുവനന്തപുരം, 03-03-2022

---

പരാമർശം:- 1. കുഫോസ് രജിസ്ട്രാറുടെ 14.12.2021 ലെ GA3/4396/2011 നമ്പർ കത്ത്.

2. 10/02/2022 ലെ സ. ഉ. (സാധാ) നം. 921/2022/ഫിൻ.

**<u>ഉത്തരവ്</u>**

കേരള മത്സ്യബന്ധന സമുദ്ര പഠന സർവകലാശാല(കുഫോസ്) അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 09/2021 മുതൽ 11/2021 വരെയുള്ള കാലയളവിൽ 84,68,171/- രൂപ ചെലവഴിച്ചിട്ടുള്ളതായും ആയത് തിരികെ അനുവദിക്കണമെന്നും പരാമർശ കത്ത് പ്രകാരം കേരള മത്സ്യബന്ധന സമുദ്ര പഠന സർവകലാശാല റെജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മത്സ്യബന്ധന സമുദ്ര പഠന സർവകലാശാല യുടെ "മൾട്ടി സ്പീഷീസ് മറൈൻ ഫിഷ് ഹാച്ചറി (ഫിഷ് സീഡ് ഫാം), പുതുവെയ്പ്പിലെ മറൈൻ ഫിഷറീസ് സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, പനങ്ങാട് കുഫോസ് കാമ്പസിലെ ഗവേഷണ-അക്കാദമിക് ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ ബാലൻസ് വർക്കുകൾ (P2016960000000000102) തുടങ്ങിയ പദ്ധതികൾക്ക് പരാമർശ സർക്കാർ ഉത്തരവ് പ്രകാരം അധികമായി അനുവദിച്ചിട്ടുള്ള **₹53,99,000/- രൂപ ( അൻപത്തി മൂന്ന് ലക്ഷത്തി തൊന്നൂറ്റി ഒമ്പതിനായിരം രൂപ മാത്രം)** നബാർഡ് സഹായമായി RIDF XXI-ന് കീഴിൽ 2415-05-277-98(PV) ശീർഷകത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

a. ബാങ്കുകളിലോ മറ്റേതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിലോ ഫണ്ടുകൾ പാർക്ക് ചെയ്യാൻ പാടില്ല.
b. ഫണ്ട് റിലീസ് ചെയ്യുന്ന നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കണം, മറ്റേതെങ്കിലും ആവശ്യത്തിന് വകമാറ്റരുത്.
c. വിനിയോഗ സർട്ടിഫിക്കറ്റ്, ഘടകങ്ങൾ തിരിച്ചുള്ള ചെലവ് പ്രസ്താവനകൾ എന്നിവ അടുത്ത റിലീസിനുള്ള അഭ്യർത്ഥനയ്ക്കൊപ്പം സമർപ്പിക്കേണ്ടതാണ് .

d. സർക്കുലർ നമ്പർ 84/2008/ഫിൻ തീയതി 9/12/2008, സർക്കുലർ നമ്പർ. 75/2009/ഫിൻ. തീയതി 29/08/2009 എന്നിവയിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
ഡെപ്യൂട്ടിസെക്രട്ടറി

റെജിസ്ട്രർ, കേരള മത്സ്യബന്ധന സമുദ്ര പഠന സർവകലാശാല, പനങ്ങാട്, കൊച്ചി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (1730378/NCഎ2/10/2016-ഫിൻ തീയതി 22/02/2022)
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ